## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 530 — 06.03.2012 ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, എം. പി. വിൻസെന്റ്<br>,, ഹൈബി ഈഡൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം [Daily Monitoring System], മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു. കമ്പനി കളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-പ്രൊക്യുർമെന്റ് സംവിധാനവും MoU സംവിധാനവും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മോണിട്ടറിംഗ് സംവിധാനത്തിന്റെ ചുമതല Public Sector Restructuring & Internal Audit Board (RIAB)-നാണ് നൽകിയിരിക്കുന്നത്. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ ഇല്ലെന്ന് ഉറപ്പു വരുത്താൻ ഒരു പുതിയ സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദമാക്കുമോ;<br>(സി) സ്വതന്ത്ര നിരീക്ഷണ സംവിധാനം ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) & (സി)<br>ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ